പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 29/06/2016 ൽ

നിയമസഭാ ചോദ്യം നമ്പർ 325 | മറുപടിക്ക്

## റിവൈവൽ,റിഫോംസ് ,റിസ്ട്രക്ച്ചറിംഗ് പാക്കേജ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അനിൽ അക്കര | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി റിവൈവൽ, റിഫോംസ്, റിസ്ട്രക്ചറിംഗ് പാക്കേജ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണവും, നവീകരണവിപുലീകരണ പ്രവർത്തനങ്ങളും സർക്കാർ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. |
| ബി) | പ്രസ്തുത പദ്ധതി നടത്തിപ്പ മൂലം എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം, ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. |
| സി) | പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ; | സി) | വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പല സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം പ്രവർത്തനം നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള |

പ്രവർത്തന മൂലധനമായും ഉപയോഗിച്ചുവരുന്നു. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തന ത്തിൻെറ ഫലമായി നവീകരണപ്രവർത്തനങ്ങൾക്കായുള്ള അധികധനം കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. മാത്രമല്ല ധനകാര്യ വകുപ്പിൻെറ നിയന്ത്രണങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ സർക്കാരിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത് പദ്ധതി പൂർത്തീകരണത്തിനുള്ള ചെലവുകളിൽ വർദ്ധനവ് ഉണ്ടാക്കി പദ്ധതിയുടെ ലാഭകരമായ നടത്തിപ്പിന് വിഘാതമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രധാനമായും സർക്കാർ സഹായത്തോടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥാപനങ്ങളാണ് മലബാർ സിമൻറ്സ് *ലിമിറ്റഡി*ൻെറ, സിമൻറ് ബൾക്ക് ഹാൻറ്ലിങ്ങ് ടെർമിനൽ, *ട്രാവൻകൂർ കൊച്ചിൻ കെമിക്കത്സ് ലിമിറ്റഡ്, സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡിൽ (സ്റ്റീൽ കോംപ്ലക്സിൽ)* സ്റ്റീൽ റോളിംഗ് മിൽ, കേരളാ ഇലക്ട്രിക്കൽ & അലൈഡ് എഞ്ജിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി എന്നിവ. ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്കും സർക്കാർ ധന സഹായം നൽകിയിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ കശുവണ്ടിമേഖല

| | | |
|---|---|---|
| | | ഉൾപ്പെടെയുള്ള (കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ്) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾക്കും, പ്രവർത്തന മൂലധനസഹായമായും 868.89 കോടിരൂപ യുടെ ധനസഹായം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ മലബാർ സിമന്റ്സ് ഒഴികെ എല്ലാം നഷ്ടത്തിലാണ്. |
| ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരണത്തിന്റെയും പുനരുദ്ധാരണ ത്തിന്റെയും ഭാഗമായി റിയാബ് മുഖേന സമർപ്പിക്കുന്ന പാക്കേജുകൾ വർക്കിംഗ് ഗ്രൂപ്പും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സർക്കാരിൽ പരിശോധിച്ച് അംഗീകാരം നൽകി ആവശ്യമായ ധനസഹായം നൽകിയിട്ടു ണ്ട്. ഇവയുടെ പ്രവർത്തന പുരോഗതി പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് (റിയാബ്) മുഖേന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും വ്യവസായ വകുപ്പ് മന്ത്രി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്തിരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ